പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1328

08.02.2013 ൽ
മറുപടിയ്ക്ക്

**എം.എസ്.പി.പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉല്പന്നങ്ങൾ**

ചോദ്യം

ശ്രീ. സി. ദിവാകരൻ :

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

കേരളത്തിൽ ഏതെല്ലാം ഉത്പന്നങ്ങൾ ആണ് എം.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; അവയുടെ ഓരോന്നിന്റേയും വിലനിലവാരം എത്രയാണ് ; ഈ പദ്ധതിയിലൂടെ എത്രമാത്രം ഉൽപ്പന്നങ്ങൾ സംഭരിക്കാനും വിതരണം ചെയ്യാനും കഴിഞ്ഞുവെന്ന് വിശദമാക്കാമോ ?

കേരളത്തിൽ എം.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തി സപ്ലൈകോ നെല്ലു സംഭരണം മാത്രമാണ് നടത്തുന്നത്. കഴിഞ്ഞ സീസണിൽ (2012-13 ഒന്നാം സീസൺ) കി.ഗ്രാമിന് കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച 12.50 രൂപയ്ക്ക് പുറമെ 4.50 രൂപ സംസ്ഥാന സർക്കാർ വിഹിതമായി നൽകി കി.ഗ്രാമിന് 17 രൂപ പ്രകാരമാണ് സംഭരണം നടത്തിയത്. ഈ കഴിഞ്ഞ 2012-13 ഒന്നാം സീസണിൽ 13,61,308.61 ക്വിന്റൽ നെല്ലാണ് സംഭരിച്ചത്. ഇതിൽ നിന്നും 6.5 ലക്ഷം ക്വിന്റൽ അരി പൊതു വിതരണ സംവിധാനം വഴി വിതരണം നടത്തിയിട്ടുണ്ട്. 2012-13 രണ്ടാം സീസണിൽ ഇതുവരെ 27940 ക്വിന്റൽ നെല്ല് പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും സംഭരിച്ചിട്ടുണ്ട്.

Beena

സെക്ഷൻ ഓഫീസർ